ഉത്തരം

(എ) 1991-ൽ പമ്പ-പ്ലാപ്പള്ളി റൂട്ടിലാണ് ഏറ്റവും ഒടുവിൽ സമ്പൂർണ്ണ ദേശസാൽക്കരണം നടത്തിയത്.

(ബി) ഒരു റൂട്ടിന്റെ പല ഭാഗങ്ങളും മറ്റു പല റൂട്ടുകളിലും കടന്നു വരും. അതിനാൽ കി. മീറ്ററിന് പ്രസക്തിയില്ല.

(സി) ഉണ്ട്.

(ഡി ആന്റ് ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബസ്സുകളുടെ അമിതവേഗം നിയന്ത്രിക്കാൻ നടപടി

60 [495] ശ്രീ. കെ. സി. ജോസഫ്:
,, എ. സുജനപാൽ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീമതി കെ.കെ. രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്സുകളുടെ അമിത വേഗം നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ബസ്സുകളിൽ വേഗത നിയന്ത്രണ യന്ത്രം ഘടിപ്പിക്കുവാൻ പദ്ധതിയുണ്ടോ;

(ഇ) വേഗത നിയന്ത്രണ യന്ത്രങ്ങൾ ഘടിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ബസ്സുടമകൾ ആ നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ;

(ജി) ബസ്സുകളുടെ വേഗത നിശ്ചിത തോതിനപ്പുറം കൂടാതിരിക്കാൻ ബസ്സുകളുടെ എഞ്ചിനിൽ ആവശ്യമായ ക്രമീകരണം നടത്തുവാൻ ഉദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി ആന്റ് ഡി) സംസ്ഥാനത്തെ എല്ലാ സ്റ്റേജ് ക്യാരേജുകളുടേയും ഹെവി ട്രാൻസ്പോർട്ട് വെഹിക്കിളുകളുടേയും അമിതവേഗം നിയന്ത്രിക്കുന്നതിനായി സ്പീഡ് ഗവേണറുകൾ ഘടിപ്പിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഘടിപ്പിക്കുന്ന സ്പീഡ് ഗവേണറുകൾ എ.ഐ.എസ്. 018 നിലവാരത്തിലുള്ളതായിരിക്കണമെന്നും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടേയോ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടേയോ മാറ്റം ചെയ്യപ്പെടാനാവാത്ത ഔദ്യോഗിക മുദ്രയോടുകൂടിവേണം ഘടിപ്പിക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ) 2003 ഡിസംബർ ഒന്നു മുതൽക്കാണ് ഈ തീരുമാനം നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ സ്വകാര്യ ബസ്സുടമകളുടെ വിവിധ സംഘടനകളുടെ പരാതികളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ തീയതി മുതൽ ആറുമാസത്തേക്കുകൂടി സ്പീഡ് ഗവേണർ ഘടിപ്പിക്കുന്നതിന് സാവകാശം അനുവദിക്കേണ്ടതാണെന്ന് ഗവൺമെന്റ് നയപരമായി തീരുമാനിച്ചിരിക്കുന്നതിനാൽ ഇത് കർശനമായി നടപ്പാക്കാൻ നിർദ്ദേശം കൊടുത്തിട്ടില്ല.

(എഫ്) ഗവൺമെന്റ് തീരുമാനം നടപ്പാക്കുകതന്നെ ചെയ്യും.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

ഹെവിവെയ്റ്റ് വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ ഘടിപ്പിക്കാൻ നടപടി

61 [496] ശ്രീ. ടി. പി. എം. സാഹിർ:
,, യു. സി. രാമൻ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. ടി. അഹമ്മദ് അലി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെവി വെയ്റ്റ് വാഹനങ്ങൾക്ക് സ്പീഡ് ഗവർണർ ഘടിപ്പിക്കണമെന്ന് സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതിനെതിരായി ആരെങ്കിലും സർക്കാരിൽ പരാതിപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരെല്ലാം;

(ഡി) പരാതിയുടെ അടിസ്ഥാനത്തിൽ ഈ തീരുമാനം നടപ്പിലാക്കുന്നതിന് കാലതാമസം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?